Annual income must be below 2 lakhs.
Students belong to minority community studying in Class XI to Phd are eligible.
Must have savings account in SBT /SBI/ Federal Bank/ South Indian Bank.

**വിജ്ഞാപനം**

**അനുബന്ധം-11**

**കേരള സർക്കാർ**

**കോളേജ് വിദ്യാഭ്യാസ വകുപ്പ്**

**ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക്ക് സ്ക്കോളർഷിപ്പ്**

**സ്കീം-2009-10**

കേന്ദ്ര ഗവൺമന്റിന്റെ സെക്ഷൻ 2(സി)പ്രകാരം 1992 ലെ മൈനൊരിറ്റീസ് നാഷണൽ കമ്മിഷൻ ആക്റ്റ് അനുസരിച്ച് കേരളത്തിലെ ന്യൂനപക്ഷസമുദായങ്ങളിൽ (മുസ്ലീം/ക്രിസ്റ്റ്യയൻ)പ്പെട്ടവരും 2009-10 ൽ പതിനൊന്നാം ക്ലാസ്സുമുതൽ പി.എച്ച്.ഡി വരെയും സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകൾ/കോളേജുകൾ/ഇൻസ്റ്റിറ്റുട്ടുകൾ എന്നിവയിൽ പഠിക്കുന്നവരും എൻ.സി.വി.ടി.യിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/സെന്ററിൽ 11,12 ക്ലാസ്സ് ലെവൽ ടെക്നിക്കൽ /വൊക്കഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവരുമായ ഒന്നാം വർഷ വിദ്യാർത്ഥികളിൽ നിന്നും ഭാരത സർക്കരിന്റെ ന്യൂനപക്ഷ വകുപ്പ് നൽകുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.പ്രൊഫഷണൽ കോഴ്സിനുള്ള മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിനു അപേക്ഷിക്കാവുന്ന കോഴ്സുകളുടെ പട്ടിക അനുബന്ധം ചേർത്തിട്ടുണ്ട്. ഈ കോഴ്സുകൾ ഒഴിച്ച് മേൽ പറഞ്ഞിട്ടുള്ളേ എല്ലാ കോഴ്സുകൾക്കും പഠിക്കുന്ന ആദ്യവർഷ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ ***2009-ആഗസ്റ്റ്-15-ാം തീയതിക്കു മുൻപ് പഠിക്കുന്ന സ്ഥാപനത്തിലെ തലവൻ മുഖേന സ്കോളർഷിപ്പ് സ്പേഷ്യൽ ഓഫീസർ കോളേജ് വിദ്യാഭ്യാസ വകുപ്പ് (അനക്സ്)സംസ്കൃത കോളേജ് കാമ്പസ് പാളയം,തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. സ്ഥാപനമേധാവികൾ ഗൈഡ്ലൈൻ പ്രകാരം അപേക്ഷകൾ പരിശോധിച്ച് അർഹരായവരുടെ അപേക്ഷകൾ ക്രോഡീകരിച്ച് ഉടൻ അയച്ചു തരേണ്ടതാണ്. സ്ഥപന മേധാവിയുടെ ആമുഖകത്തില്ലാതെയും നിശ്ചിത തീയതിക്കു ശേഷവും ലഭിക്കുന്ന അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.***

**ലക്ഷ്യം:**

ന്യൂനപക്ഷ സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്ലസ് 1 മുതൽ പി.എച്ച്.ഡി വരെ പഠിക്കുന്ന പ്രഗൽഭരായ കുട്ടികൾക്കും 11,12 ക്ലാസ്സ് ലെവൽ ടെക്നിക്കൽ /വൊക്കഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്കും നൽകുന്ന അവാർഡ്. അപേക്ഷാ ഫാറങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും കോളേജു വിദ്യാഭ്യാസ വകുപ്പിന്റെ **വെബ്സൈറ്റ്:** **www.collegiateedu.kerala.gov.in**ൽ ലഭ്യമാണ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ :**

(a)ഇന്ത്യയിൽ സർക്കാർ അംഗീകൃത സ്ഥപനങ്ങളിൽ ഒന്നാം വർഷ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രമേ ഈ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.

(b)മുൻ വർഷത്തെ അവസാന പരീക്ഷയ്ക്കു 50% മാർക്ക് നേടിയ വിദ്യാർത്ഥികൾക്കു അപേക്ഷിക്കാം.ദാരിദ്ര്യ രേഖയ്ക്കു താഴെ വരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികളുടെ അപേക്ഷ ഏറ്റവും താഴ്ന്ന വരുമാനം നോക്കി മുൻ ഗണന നൽകൂന്നതാണ്.

(c)ഈ സ്ക്കോളർഷിപ്പ് ലഭിക്കുന്ന കുട്ടിക്ക് ഒരേ കോഴ്സിൽ തന്നെ തുടർന്നു പഠിക്കുന്നതിലേയ്ക്കു മറ്റു സ്ക്കോളർഷിപ്പോ/സ്റ്റൈപ്പെന്റോ സ്വീകരിക്കുവാൻ പാടില്ല.

(d)അച്ഛനോ അമ്മയോ അല്ലെങ്കിൽ രക്ഷിതാവിന്റെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

(e) ഈ സ്ക്കോളർഷിപ്പിന്റെ 30% പെൺ കുട്ടികൾക്കായി മാറ്റിവച്ചിട്ടുണ്ട്.പെൺകുട്ടികളുടെ അപേക്ഷകൾ 30% ൽ കുറയുകയാണെങ്കിൽ അവർക്ക് മാറ്റിവയ്ക്കപ്പെട്ടവ യോഗ്യത യുള്ള മറ്റ് ആൺ കുട്ടികൾക്ക് നൽകുന്നതാണ്.

(f) ഒരേ കുടുംബത്തിൽ പെട്ട രണ്ടിൽക്കൂടുതൽ കുട്ടികൾക്ക് ഒരേ സമയം സ്ക്കോളർഷിപ്പ് നൽകുന്നതല്ല.

(g)**അപേക്ഷ ബന്ധപ്പെട്ട സ്ഥപന മേധാവി വഴി അയച്ചിരിക്കണം.സ്ഥാപനം സർക്കാർ അംഗീകൃതമായിരിക്കണം.സ്ഥാപനത്തിന്റെ പൂർണ്ണമായ അഡ്രസ്സ് പിൻ കോഡ് സഹിതവും സ്ഥാപനം സർക്കാർ അംഗീകൃതമാണോ എന്നും അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം.**

(h)അപേക്ഷയിലെ എല്ലാ കോളങ്ങളും കൃത്യമായും വ്യക്തമായും പൂരിപ്പിച്ചിരിക്കണം.

**സ്‌ക്കോളർഷിപ്പ് നിരക്ക്:**ട്യൂഷൻ ഫീസും കോഴ്സ് ഫീസും മെയിന്റെനൻസ് അലവൻസും താഴെ പറയും പ്രകാരം ഓരോ ഇനത്തിന് നേരെയും പരമാവധി തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമനമ്പർ** | **ഇനം** | **ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർ** | **വീട്ടിൽ നിന്നു പോയി വന്നു പഠിക്കുന്നവർ** |
|---|---|---|---|
| 1 | പതിനൊന്ന്,പന്ത്രണ്ട് എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശന ഫീസും,പഠന ഫീസും | ഒരു വർഷത്തേയ്ക്കു പരമാവധി തുക 7000/- | ഒരു വർഷത്തേയ്ക്കു പരമാവധി തുക 7000/- |
| 2 | പതിനൊന്നും പന്ത്രണ്ടും ലെവലിലെ ടെക്നിക്കൽ വൊക്കേഷണൽ കോഴ്സുകൾക്കുള്ള പ്രവേശന /പഠന കോഴ്സ് ഫീസ് (റോ മെറ്റീരിയൽസിനുള്ള ഫീസും ചെലവും ഉൾപ്പെടെ ) | ഒരു വർഷത്തേയ്ക്കു പരമാവധി തുക 10000/- | ഒരു വർഷത്തേയ്ക്കു പരമാവധി തുക 10000/- |
| 3 | ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ഒരു വർഷത്തേയ്ക്കുള്ളപ്രവേശന ഫീസും,പഠന ഫീസും | ഒരു വർഷത്തേയ്ക്കു പരമാവധി തുക 3000/- | ഒരു വർഷത്തേയ്ക്കു പരമാവധി തുക 3000/- |
| 4 | ഒരു അദ്ധ്യായന വർഷത്തിൽ 10 മാസത്തേയ്ക്കു മാത്രം പഠന ഉപകരണങ്ങൾക്കുള്ള ചെലവുൾപ്പെടെയുള്ള മെയിന്റനൻസ് അലവൻസ് | | |
| | (1)ഇതേ ലെവലിലുള്ള പതിനൊന്നും പന്ത്രണ്ടും ലെവലിലുള്ള ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ ഉൾപ്പെടെ | പ്രതിമാസം 235 രൂപ | പ്രതിമാസം 140 രൂപ |
| | ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് | പ്രതിമാസം 355 രൂപ | പ്രതിമാസം 185 രൂപ |
| | എം.ഫിൽ,പി.എച്ച് ഡി കോഴ്സുകൾക്ക് (സർവ്വകലാശാലകളിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ഫെലോഷിപ്പുകൾ ലഭിക്കാത്തവർക്ക്) | പ്രതിമാസം 510 രൂപ | പ്രതിമാസം 330 രൂപ |

ഹോസ്റ്റലിൽ താമസിക്കുന്നവർ എന്നാൽ സ്‌ക്കൂൾ/സ്ഥപനങ്ങൾ അംഗീകരിച്ച ഹോസ്റ്റലിൽ താമസിക്കുന്നവരാണ്. അല്ലതെ പേയിംഗ് ഗസ്റ്റായോ വാടകയ്ക്കോ താമസിക്കുന്നവരെ ഹോസ്റ്റലർ ആയി കണക്കാക്കുന്നില്ല.

**ബാങ്ക് ഇടപാടുകൾക്കുള്ള അക്കൗണ്ടുകൾ എസ്.ബി.ടി യിൽ തുടങ്ങുന്നത് അഭികാമ്യമായിരിക്കും.**

**സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്**